**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4916** **01-11-2021 - ൽ മറുപടിയ്ക്ക്**

**സർട്ടിഫിക്കറ്റുകളുടെ അച്ചടിയും വിതരണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഹയർ സെക്കൻഡറി സർട്ടിഫിക്കറ്റുകളുടെ അച്ചടിയ്ക്കും വിതരണത്തിനും ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്താണെന്ന് വിശദമാക്കുമോ? | (എ) | എ)ഹയർ സെക്കന്ററി സർട്ടിഫിക്കറ്റുകൾ ആർ. ബി. ഐ അംഗീകൃത സെക്യൂരിറ്റി പ്രിന്റിംഗ് പ്രസ്സിലാണ് പ്രിന്റ് ചെയ്യുന്നത് . ഇതിനായി ഓരോ വർഷവും ഇ ടെൻഡർ ക്ഷണിച്ചാണ് സെക്യൂരിറ്റി പ്രിൻറിംഗ് പ്രസിനെ തിരഞ്ഞെടുക്കുന്നത്. കരാറിൽ ഏർപ്പെടുന്ന സെക്യൂരിറ്റി പ്രിൻറിംഗ് പ്രസ്സിലേക്ക് സർട്ടിഫിക്കറ്റ് ഡേറ്റ കൈമാറുന്നതിനും പ്രിൻറിംഗ് മേൽനോട്ടം വഹിക്കുന്നതിലേക്കും ഡയറക്ടറേറ്റിൽ നിന്നും ജീവനക്കാരെ നിയോഗിക്കുകയും ഇപ്രകാരം പ്രിൻറ് ചെയ്യുന്ന സർട്ടിഫിക്കറ്റുകൾ സ്കൂൾ അടിസ്ഥാനത്തിൽ പായ്ക്ക് ചെയ്തു തപാൽമാർഗ്ഗം സ്കൂളുകളിലേക്ക് എത്തിക്കുകയും ചെയ്യുന്നു. സ്കൂൾ പ്രിൻസിപ്പൽമാർ സർട്ടിഫിക്കറ്റുകളിൽ സ്കൂൾ സീലും പ്രിൻസിപ്പലിന്റെ പേരും ഒപ്പും രേഖപ്പെടുത്തി സർട്ടിഫിക്കറ്റുകൾ പരീക്ഷാർത്ഥികൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു |

സെക്ഷൻ ഓഫീസർ